## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4431

04.02.2014 ൽ
മറുപടിക്ക്

## ഹയർ സെക്കന്ററി അധ്യാപകരുടെ കോളേജുകളിലേക്കുള്ള നിയമനം

**ചോദ്യം**

**ശ്രീ. വി. ഡി. സതീശൻ**

**മറുപടി**

**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ)കോളേജുകളിലെ നിയമന നിരോധനം മാറ്റിയ ശേഷം നിശ്ചിത യോഗ്യതയുള്ള എത്ര ഹയർ-സെക്കന്ററി അധ്യാപകർ എയ്ഡഡ് /ഗവ. കോളേജുകളിൽ നിയമനം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വിവരം ശേഖരിച്ചുവരുന്നു |
| (ബി) ഹയർ സെക്കന്ററിയിൽ 12 വർഷം സീനിയറായ അധ്യാപകർക്ക് 29,560/- രൂപ അടിസ്ഥാന ശമ്പളമുള്ളപ്പോൾ കോളേജിൽ നിയമനം നേടിയാൽ 21,600/- രൂപ അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്യേണ്ടി വരും എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇങ്ങനെയുള്ള അധ്യാപകർക്ക് ഹയർ സെക്കന്ററിയിലെ ഉയർന്ന അടിസ്ഥാന ശമ്പളവും, ഏൺഡ് ലീവും കോളേജുകളിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് (eg. Calicut, Chapter 2 item 23[4]) അനുസരിച്ച് സംരക്ഷിച്ചു കിട്ടാൻ എന്തുനടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |

| | |
|---|---|
| (ഡി) കോളേജിൽ നിയമന നിരോധനം നിലനിന്നിരുന്ന കാലഘട്ടത്തിൽ ഹയർസെക്കന്ററി അധ്യാപകരായി നിയമനം ലഭിച്ച നിശ്ചിത യോഗ്യതയുള്ള അധ്യാപകർക്ക് പുതുതായി കോളേജിൽ നിയമനം ലഭിച്ചപ്പോൾ പ്രീഡിഗ്രിക്ക് തുല്യമായ സർവ്വീസ് വെയിറ്റേജ് സുപ്രീം കോടതി വിധിക്കനുസൃതമായി (Supreme Court of India - for state of Kerala, Junior & Senior lectures, Judgment on 29.4.1997 for appeals No. 3108- 3109 of 1997; State of Karnataka, CA Nos. 8334-8353/2001, 8355, 8357 & 8358-8374/2001) കോളേജ് സർവ്വീസിലും നൽകാമോ എന്ന് വ്യക്തമാക്കുമോ; | |
| (ഇ) 23452/D2/B/HSD dated 25.5.13 49630/Fin Edn c dated 25.5.13 44578/DC/13dated 21.12.13 എന്നീ ഫയലുകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) ടി ചോദ്യത്തിൽ പ്രതിപാദിക്കുന്ന ഫയലുകൾ ഈ വകുപ്പിൽ ലഭ്യമല്ല. എന്നാൽ 23452/D2/2013/H.Edn എന്ന ഫയലിൽ 29.06.2013 ലെ 49630/എഡ്യൂ.സി2/13/ധന നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം ധന കാര്യവകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ